LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗുണമേന്മയുള്ള ജൈവപച്ചക്കറിയുല്പാദിപ്പിച്ച് പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ 14 ജില്ലകളിലും സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 50,000 ടൺ പച്ചക്കറികൾ കൂടുതലായി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ യൂണിറ്റുകൾ, വീട്ടമ്മമാർ തുടങ്ങി പച്ചക്കറി കൃഷിയിൽ താല്പര്യമുള്ള എല്ലാ വിഭാഗങ്ങളെയും സമന്വയിപ്പിച്ച് പൂർണ്ണ ജനപങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.

(ഇ) പ്രസ്തുത പദ്ധതി പ്രകാരം കർഷകർക്ക് വിത്ത്, ജൈവവളം, ജൈവ കീടനാശിനി, അടിസ്ഥാന സൗകര്യം, ജലസേചനം, കാർഷിക ഉപകരണങ്ങൾ/ യന്ത്രങ്ങൾ എന്നിവയ്ക്കായി ഹെക്ടർ ഒന്നിന് 15,000 രൂപ ധനസഹായമായി നല്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പച്ചക്കറിത്തോട്ടങ്ങൾ നിർമ്മിക്കുവാനും സർക്കാർ, സഹകാര്യ സ്ഥാപനങ്ങൾ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനും പദ്ധതി പ്രകാരം സഹായങ്ങൾ നല്കി വരുന്നു. ഇതിനു പുറമേ വീട്ടു വളപ്പിൽ പച്ചക്കറി കൃഷി ചെയ്യാൻ 10 രൂപ നിരക്കിൽ 1,00,000 പച്ചക്കറി വിത്തു കിറ്റുകൾ സംസ്ഥാനത്തൊട്ടാകെ സൗജന്യമായി വിതരണം നടത്തിയിട്ടുണ്ട്.

പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

214 (1178) ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. എം. ജെ. ജേക്കബ്:
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത പദ്ധതികൾമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ;

(സി) ഹരിതശ്രീ പദ്ധതിപ്രകാരം പച്ചക്കറി ഉല്പാദനത്തിന് വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) മെച്ചപ്പെട്ട പച്ചക്കറികൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി ഹോർട്ടിക്കോർപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) കർഷകരിൽ നിന്നും പച്ചക്കറികൾ നേരിട്ട് സംഭരിക്കുന്നതിനുള്ള സംവിധാനം വിപുലീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായും ന്യായവിലയ്ക്ക് ഗുണമേന്മയുള്ള പച്ചക്കറികൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി കൃഷി വകുപ്പ് മുഖേന "സമഗ്ര പച്ചക്കറി വികസന പദ്ധതി", ക്ഷേമ സുരക്ഷാ പദ്ധതിയുടെ ഭാഗമായി ഗ്രൂപ്പുകൾ മുഖേനയുള്ള "പച്ചക്കറി കൃഷി", രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ ഘടകമായ "പച്ചക്കറി വികസന പദ്ധതി" എന്നിവ നടപ്പിലാക്കുന്നു. കൂടാതെ പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം വിവിധ പദ്ധതികൾ ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം കർഷക ഗ്രൂപ്പുകൾ രൂപീകരിച്ച് 1500 ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് വിത്ത്, ജൈവവളം, ജൈവകീടനാശിനി, അടിസ്ഥാന സൗകര്യം, ജലസേചനം, കാർഷിക ഉപകരണങ്ങൾ/യന്ത്രങ്ങൾ എന്നിവയ്ക്കായി ഹെക്ടർ ഒന്നിന് 15,000 രൂപ നിരക്കിൽ ആനുകൂല്യം നല്കിവരുന്നു. 500 സ്കൂളുകളിൽ പച്ചക്കറിത്തോട്ടം സംഘടിപ്പിക്കാൻ സ്കൂളൊന്നിന് 2500 രൂപ നിരക്കിലും ജലസേചനത്തിനായി 10,000 രൂപ നിരക്കിൽ 125 സ്കൂളുകൾക്കും ആനുകൂല്യം നൽകുന്നു. കൂടാതെ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് സർക്കാർ/സഹകാര്യ സ്ഥാപനങ്ങൾക്കും ആനുകൂല്യം നല്കി വരുന്നു. ഇതിനു പുറമേ സംസ്ഥാനത്തൊട്ടാകെ 10 രൂപ നിരക്കിൽ 100000 പച്ചക്കറി വിത്തു പാക്കറ്റുകൾ വീട്ടു വളപ്പിലെ കൃഷിക്കായും വിതരണം നടത്തി. ക്ഷേമ സുരക്ഷാ പദ്ധതിയുടെ ഭാഗമായി നടത്തുന്ന പച്ചക്കറി പദ്ധതി പ്രകാരം വനിതാ കർഷക ഗ്രൂപ്പുകൾ രൂപീകരിച്ച് 750 ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യാൻ ഹെക്ടർ ഒന്നിന് 15,000 രൂപ നിരക്കിലും, 500 ഹെക്ടർ സ്ഥലത്ത് ഇടവിളയായി പച്ചക്കറി കൃഷി ചെയ്യാൻ ഹെക്ടർ ഒന്നിന് 7500 രൂപ നിരക്കിലും വിത്ത്, ജൈവവളം, ജൈവ കീടനാശിനി, ജലസേചനം, നിലം ഒരുക്കൽ, പന്തൽ എന്നിവയ്ക്കായി ആനുകൂല്യം നല്കി വരുന്നു. കൂടാതെ നിലം ഒരുക്കുന്നതിനായി 140 ഗാർഡൻ ടില്ലറുകൾ കർഷക ഗ്രൂപ്പുകൾക്ക് സൗജന്യമായി വിതരണം നടത്താനും പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു. ഇതിനു പുറമേ നഗരപ്രദേശങ്ങളിൽ വീടുകളിൽ പച്ചക്കറി കൃഷിക്കായി 200 രൂപയുടെ വിത്ത്, വെർമി കമ്പോസ്റ്റ്, കാർഷിക ഉപകരണം എന്നിവ അടങ്ങിയ 50000 കിറ്റുകൾ അഞ്ച് നഗരസഭകളിലുമായി വിതരണം നടത്തി. കർഷക ഗ്രൂപ്പുകൾ വഴിയും, വീടുകളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളുടെ വിപണനത്തിനായി പ്രാദേശിക തലത്തിലും റസിഡന്റ്സ് അസോസിയേഷൻ മുഖേന ചെറിയ വിപണന ശാലകൾ തുടങ്ങുന്നതിനായി 5000 രൂപ നിരക്കിൽ ആനുകൂല്യം നല്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആർകെവിവൈ പദ്ധതി മുഖേന, 2000 ഹെക്ടർ സ്ഥലത്ത് കർഷക ഗ്രൂപ്പുകൾ രൂപീകരിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിന് വിത്ത്, ജൈവവളം, ജൈവ കീടനാശിനി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കായി ഹെക്ടർ ഒന്നിന് 15,000 രൂപ നിരക്കിൽ ആനുകൂല്യം നൽകിവരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ മുഖേന ഏകദേശം 5000 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്യുക വഴി ഒരു ലക്ഷം ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കുകയാണ് ലക്ഷ്യം. ഇതിനുപുറമേ അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. വനിതാ ഗ്രൂപ്പുകൾ മുഖേനയുള്ള പച്ചക്കറി കൃഷി വനിതകൾക്ക് അധിക വരുമാനം നല്കുന്നു. നഗരപ്രദേശങ്ങളിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക വഴി വിഷാംശമില്ലാത്ത പച്ചക്കറികൾ ലഭ്യമാക്കുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. യുവതലമുറയ്ക്ക് കൃഷിയോട് ആഭിമുഖ്യം വളർത്താനും ഈ പദ്ധതികൾ സഹായകരമാണ്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം ഗുണമേന്മയും അത്യുൽപ്പാദന ശേഷിയുമുള്ള വിത്തിനങ്ങൾ കർഷകർക്ക് വിതരണം ചെയ്തുവരുന്നു. പരിശീലന പരിപാടികൾ, പഠന യാത്രകൾ, പങ്കാളിത്ത ഗവേഷണം, മാതൃകാതോട്ടങ്ങൾ, ശീതകാല പച്ചക്കറി കൃഷി, പ്രിസിഷൻ ഫാമിംഗ് എന്നീ പദ്ധതികളിലൂടെ പച്ചക്കറി കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ കർഷകരിലെത്തിക്കാൻ കൗൺസിൽ പരിശ്രമിച്ച് വരുന്നു. കൂടാതെ വിപണനം, കാർഷിക വായ്പ, വിള ഇൻഷ്വറൻസ് പരിരക്ഷ എന്നീ കാര്യങ്ങളിലും കൗൺസിൽ ഫലപ്രദമായ ഇടപെടൽ നടത്തുന്നുണ്ട്.

(സി) "ഹരിതശ്രീ" എന്ന പേരിൽ കൃഷി വകുപ്പ് ഇപ്പോൾ പച്ചക്കറി വികസന പരിപാടി നടപ്പിലാക്കുന്നില്ല.

(ഡി) മെച്ചപ്പെട്ട പച്ചക്കറികൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി ഹോർട്ടി കോർപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) കൃഷി വകുപ്പ് മുഖേന കർഷകർക്ക് വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഹോർട്ടികോർപ്പ്, വിഎഫ്പിസികെ എന്നീ ഏജൻസികളാണ് കർഷകരിൽ നിന്നും ഉല്പന്നങ്ങൾ നേരിട്ട് സംഭരിക്കുന്നത്. അവയുടെ പ്രവർത്തനം വിപുലീകരിക്കുന്നത് സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

ജനിതകമാറ്റം വരുത്തിയ വിളകൾ

215 (1182) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനിതകമാറ്റം വരുത്തിയ വിളകളുടെ കാര്യത്തിൽ കൃഷി വകുപ്പിന്റെ നിലപാട് വ്യക്തമാക്കുമോ ;

(ബി) ജനിതകമാറ്റം സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ജനിതകമാറ്റം വരുത്തിയ വിളകൾ സംസ്ഥാനത്ത് കൃഷി ചെയ്യണ്ടതില്ല എന്നതാണ് കൃഷി വകുപ്പിന്റെ നിലപാട്.

(ബി) പഠനങ്ങൾ നടത്തിയിട്ടില്ല. വിദഗ്ദ്ധരുമായി ചർച്ചകൾ സംഘടിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly